**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **14-03-2022 - ൽ മറുപടിയ്ക്ക്**

**തീരദേശവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശവാസികളിൽ താമസ സ്ഥലത്തിന് പട്ടയത്തിനപേക്ഷ നല്കി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ട് എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) | തീരദേശവാസികളിൽ താമസ സ്ഥലത്തിന് പട്ടയത്തിനപേക്ഷ നല്കി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്തവരുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. ക്രമ നം. ജില്ല പട്ടയം ലഭിക്കാത്തവരുടെ എണ്ണം 1. തിരുവനന്തപുരം 1787 2. കൊല്ലം 618 3. പത്തനംതിട്ട 0 4. കോട്ടയം 0 5. ആലപ്പുഴ 90 6. ഇടുക്കി 0 7. എറണാകുളം 266 8. തൃശ്ശൂർ 408 9. പാലക്കാട് 0 10. മലപ്പുറം 752 11. കോഴിക്കോട് 154 12. വയനാട് 0 13. കണ്ണൂർ 196 14. കാസർഗോഡ് 0 |
| (ബി) | ഇവർക്ക് സമയബന്ധിതമായി പട്ടയം ഉറപ്പാക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും കഴിഞ്ഞ സർക്കാർ എത്ര പേർക്ക് പട്ടയം നല്കി എന്നും ജില്ലതിരിച്ച് വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്തെ പട്ടയസംബന്ധ വിഷയങ്ങളിലെ പൊതുവായ പ്രശ്നങ്ങളുടെ വിവരശേഖരണം നടത്തുന്നതിന് ഒരു web portal സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുള്ളതും ടി പട്ടയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ടി വെബ് പോർട്ടലിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ഉദ്യോഗസ്ഥ തലത്തിലും മന്ത്രി തലത്തിലും പട്ടയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിച്ചു വരുന്നു. ക്രമ നം. ജില്ല തീരദേശ പ്രദേശത്ത് നൽകിയ പട്ടയങ്ങളുടെ എണ്ണം 1. തിരുവനന്തപുരം 45 2. കൊല്ലം 0 3. പത്തനംതിട്ട 0 4. കോട്ടയം 0 5. ആലപ്പുഴ 66 6. ഇടുക്കി 0 7. എറണാകുളം 298 8. തൃശ്ശൂർ 210 9. പാലക്കാട് 0 10. മലപ്പുറം 221 11. കോഴിക്കോട് 127 12. വയനാട് 0 13. കണ്ണൂർ 0 14. കാസർഗോഡ് 0 |
| (സി) | കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് കഴിഞ്ഞ സർക്കാർ പട്ടയം നല്കി എന്ന് വിശദമാക്കുമോ; പ്രസ്തുത മണ്ഡലത്തിൽ പട്ടയത്തിനായി നിലവിലുള്ള അപേക്ഷകൾ എത്രയെന്നും അവർക്ക് സയമബന്ധിതമായി പട്ടയം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ? | (സി) | കൊച്ചി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 210 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൊച്ചി നിയോജക മണ്ഡലത്തിൽ പട്ടയത്തിനായി 250 അപേക്ഷകൾ നിലവിലുണ്ട്. ചാൽ/തോട്/കുളം/റോഡ്/കായൽ/കടൽ പുറമ്പോക്കുകളിൽ ഉൾപ്പെടുന്ന ടി 250 അപേക്ഷകളിലും പട്ടയം നൽകുന്ന കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | ആവശ്യമായ നിയമ ഭേദഗതി വരുത്തുന്നത് ഉൾപ്പെടെയുള്ള കാര്യം പരിശോധിച്ചു വരുന്നു. ഓരോ പ്രദേശത്തെയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയവിതരണത്തിനുള്ള തടസ്സം എന്നിവ രേഖപ്പെടുത്തി അടിയന്തിര പരിഹാരം കാണുന്നതിനായി ഒരു പട്ടയ ഡാഷ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ